**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1862** **12-09-2023 - ൽ മറുപടിയ്ക്ക്**

**കാഞ്ഞങ്ങാട് മണ്ഡലത്തിലെ പരപ്പയിൽ ഗവഃപോളിടെക്നിക്ക് കോളേജ് അനുവദിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരൻ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കാഞ്ഞങ്ങാട് മണ്ഡലത്തിലെ പരപ്പയിൽ ഗവണ്മെന്റ് പോളിടെക്നിക്ക് കോളേജ് അനുവദിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്.<br><br>കാസർഗോഡ് ജില്ലയിലെ പരപ്പയിൽ സർക്കാർ മേഖലയിൽ പുതിയ പോളിടെക്നിക്ക് കോളേജ് ആരംഭിക്കുന്നതിനുള്ള ഒരു പ്രൊപ്പോസൽ സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചിരുന്നു. കാസർഗോഡ് ജില്ലയിലെ കിനാനൂർ കരിന്തളം ഗ്രാമ പഞ്ചായത്തിൽ ഉൾപ്പെടുന്ന പരപ്പ വില്ലേജിലെ പുളിയം കുളത്ത് പുതിയ പോളിടെക്നിക്ക് കോളേജ് സ്ഥാപിക്കാനനുയോജ്യമായി 69/01 സർവ്വേ നമ്പറിൽ 3 ¼ ഏക്കർ സർക്കാർ അധീനതയിൽ പൊതു ഉപയോഗത്തിന് ആവശ്യമായ ഭൂമിയും കൂടാതെ ഒരു ഏക്കർ മിച്ച ഭൂമിയും ലഭ്യമാക്കുന്ന കാര്യത്തിൽ റവന്യൂ വകുപ്പിൻെറ അഭിപ്രായം തേടിയിരിക്കുകയാണ്.<br><br>ഭൂമി ലഭ്യതയ്ക്കനുസരിച്ച് പ്രൊപ്പോസൽ പരിശോധിച്ച് തുടർ നടപടികൾ പരിഗണിക്കുന്നതാണ്. |
| (ബി) | എങ്കിൽ വിശദാംശങ്ങൾ നൽകാമോ? | (ബി) | ഉണ്ട്.<br><br>കാസർഗോഡ് ജില്ലയിലെ പരപ്പയിൽ സർക്കാർ മേഖലയിൽ പുതിയ പോളിടെക്നിക്ക് കോളേജ് ആരംഭിക്കുന്നതിനുള്ള ഒരു പ്രൊപ്പോസൽ സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചിരുന്നു. കാസർഗോഡ് ജില്ലയിലെ കിനാനൂർ കരിന്തളം ഗ്രാമ പഞ്ചായത്തിൽ ഉൾപ്പെടുന്ന പരപ്പ വില്ലേജിലെ പുളിയം കുളത്ത് പുതിയ പോളിടെക്നിക്ക് കോളേജ് സ്ഥാപിക്കാനനുയോജ്യമായി 69/01 സർവ്വേ നമ്പറിൽ 3 ¼ ഏക്കർ സർക്കാർ അധീനതയിൽ പൊതു ഉപയോഗത്തിന് ആവശ്യമായ ഭൂമിയും കൂടാതെ ഒരു ഏക്കർ മിച്ച ഭൂമിയും ലഭ്യമാക്കുന്ന കാര്യത്തിൽ റവന്യൂ വകുപ്പിൻെറ അഭിപ്രായം തേടിയിരിക്കുകയാണ്. |

| | | | |
|---|---|---|---|
| | | | ഭൂമി ലഭ്യതയ്ക്കനുസരിച്ച് പ്രൊപ്പോസൽ പരിശോധിച്ച് തുടർ നടപടികൾ പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ